പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3088

03/04/2013-ൽ മറുപടിക്ക്

മാലിന്യ സംസ്ക്കരണ കമ്പനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ. റ്റി . ജോർജ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്ത് മാലി ന്യ സംസ്ക്കരണ കമ്പനിരൂപീകരി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) കേരള സംസ്ഥാനത്തിലെ മാലിന്യസംസ്ക്കരണത്തിനായി സിയാൽ മോഡലിൽ ''ക്ലീൻ കേരള കമ്പനി ലിമിറ്റഡ്'' എന്ന നാമധേയത്തിൽ ഒരു കമ്പനി രൂപീകരി ച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ഈ കമ്പനിയുടെ അംഗീകരിച്ച ഓഹരി മൂലധനം 10 കോടി രൂപയും, ആയത് ഓഹരി ഒന്നിന് ആയിരം രൂപ മുഖവിലയുള്ള 100,000 (ഒരു ലക്ഷം) തുല്യ ഓഹരികളുമാണ്. |
| (സി) പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പ്രസ്തുത കമ്പനിയുടെ സേവനം ഉപയോഗ പ്പെടുത്താവുന്നതെന്നറിയിക്കുമോ? | (സി) & (ഡി) ആവശ്യമായ പണം ഈടാക്കിക്കൊണ്ട് കേരള സംസ്ഥാനത്തെ ഏറിവരുന്ന ബഹുനില കെട്ടിടങ്ങൾ, ഫാക്ടറികൾ, പാർപ്പിട ഓഫീസ് സമുച്ചയങ്ങൾ, ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമുള്ള മാലിന്യങ്ങൾ മലിനീകരണം, പരിസ്ഥിതി നാശം, പകർച്ചവ്യാധികൾ എന്നിവ തടയുന്നതിലേക്കായി ശേഖരിച്ച് സംസ്ക്കരിക്കുക, കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം ചെയ്യുക, നശിപ്പിക്കുക, ഉപയോഗിക്കുക, നിയന്ത്രിക്കുക എന്നിവയ്ക്ക് ഉതകുന്ന നടപടികൾ ആവിഷ്ക്കരിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്വയംപര്യാപ്തമായ ശുചീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് ആരോഗ്യം, പരിസ്ഥിതി ശുചിത്വം എന്നിവയിൽ ബോധവൽക്കരിച്ച് ജനങ്ങളുടെ ഇടയിൽ വിശാലമായ കാഴ്ചപ്പാടും സംസ്കാരവും അവബോധവും വളർത്തിയെടുക്കുക, ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും, ക്ഷേമത്തിനും സ്വാഭാവിക പരിസ്ഥിതിക്കും ഉതകുന്ന നയങ്ങൾ, ലക്ഷ്യങ്ങൾ, പദ്ധതികൾ, മാർഗ്ഗരേഖകൾ എന്നിവ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുക,. |

സെക്ഷൻ ഓഫീസർ